ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ സിലബസ്

1160 [1850] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ സിലബസ് ഈ അടുത്തകാലത്ത് പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) പുതിയ സിലബസ് പ്രാവർത്തികമാക്കുന്നതിന് അഡീഷണൽ സ്റ്റാഫ് ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഡിപ്പാർട്ടുമെന്റ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ശുപാർശകൾ എന്തെല്ലാമായിരുന്നു; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) എല്ലാ ട്രെയിനിംഗ് സ്കൂളുകളോടും ചേർത്ത് മോഡൽ സ്കൂളുകൾ സ്ഥാപിക്കുക, ട്രെയിനിംഗ് സ്കൂളുകളിൽ ചില പുതിയ തസ്തികകൾ സൃഷ്ടിക്കുക തുടങ്ങിയവയാണ് ശുപാർശകൾ. ഇത് പരിഗണനയിലിരിക്കുകയാണ്.

നിലമ്പൂർ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

1161 [1851] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വളർത്തിയെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഉത്തരം

സാമ്പത്തിക പരിമിതിമൂലം ഈ നിർദ്ദേശം സ്വീകരിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

തൃശ്ശൂരിൽ ലാ കോളേജ്

1162 [1852] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂരിൽ ഒരു ലാ കോളേജ് സ്ഥാപിക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

ഇതു സംബന്ധിച്ച് ഒരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly